**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 502** **08-06-2021 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ ഓഫീസുകളുടെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. ആന്റണി ജോൺ** | | **Shri. V. N. Vasavan<br>(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | രജിസ്ട്രേഷൻ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധതരം ഫീസുകൾ ഒടുക്കുന്നതിന് 'ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ' (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്ന നടപടിയുടെ പുരോഗതി വെളിപ്പെടുത്താമോ; | (എ) | രജിസ്ട്രേഷൻ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെയുള്ള 315 സബ് രജിസ്ട്രാർ ഓഫീസുകളിൽ 278 സബ് രജിസ്ട്രാർ ഓഫീസുകളിൽ 'ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ' (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ള 37 സബ് രജിസ്ട്രാർ ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ആധികാരിക രേഖകളും മറ്റ് റിക്കാർഡുകളും സൂക്ഷിക്കുന്നതിനായുള്ള 'ആധുനിക റിക്കാർഡ് റൂമുകളുടെ' നിർമ്മാണ പുരോഗതി അറിയിക്കാമോ; | (ബി) | രജിസ്ട്രേഷൻ ഓഫീസുകളിലെ ആധികാരിക രേഖകളും മറ്റ് റിക്കാർഡുകളും സൂക്ഷിക്കുന്നതിനായി ആധുനിക സംവിധാനമായ കോംപാക്ടറുകൾ 43 ഓഫീസുകളിൽ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | ഏതെല്ലാം ഓഫീസുകളിലാണ് ഈ സംവിധാനം ആരംഭിക്കാനുദ്ദേശിക്കുന്നത്; അവ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (സി) | ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന പദ്ധതി വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി ഓരോ ഓഫീസുകളിലും മേൽ സംവിധാനം സ്ഥാപിക്കുന്നതാണ്. |
| (ഡി) | സംസ്ഥാനത്ത് 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' സൗകര്യമേർപ്പെടുത്തുന്നതിന്റെ ഭാഗമായി രജിസ്ട്രാർ ഓഫീസുകളിൽ അവധി ദിവസങ്ങളിലും ഡോക്യുമെന്റ് രജിസ്ട്രേഷൻ ഒരുക്കുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' സൗകര്യമേർപ്പെടുത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സബ് രജിസ്ട്രാർ ഓഫീസുകളിൽ അവധി ദിവസങ്ങളിലും രജിസ്ട്രേഷൻ സൗകര്യം ഒരുക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ